സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

2025 ജനുവരി 18

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2025-27 • VOL. 42. • ISSUE 34 • പുസ്തകം 42 • ലക്കം 34 • പേജ് 6

# ഒരു പൊത്തുവരുത്ത ക്രിസ്ത്യാനിയായി ജീവിക്കാനാണോ ദൈവം നമ്മെ വിളിച്ചത്?

**ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം**

> **ക്രൂശ് ചുമന്നുകൊണ്ട് അനുഗമിക്കുക എന്നുവച്ചാൽ മരണംപോലും ശിഷ്യത്വത്തിന് നടക്കുവാൻ സന്നദ്ധമായ സമർപ്പണജീവിതം നയിക്കുക എന്നാണ്. എല്ലാ ശിഷ്യന്മാരും കർത്താവിനുവേണ്ടി ജീവൻ അർപ്പിക്കേണ്ടതായ ആവശ്യമില്ല; എന്നാൽ ശിഷ്യന്മാർ എല്ലാവരും സ്വജീവനെക്കാൾ കർത്താവിനെ വിലയേറിയതായി സദാ എണ്ണുവാൻ ആവശ്യമുള്ളവരാണ്.**

“തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും” (മത്താ. 10:39).

വിശ്വാസികളായ നമ്മെ ലോകമനുഷ്യരുടെ ഇടയിൽ അറിയപ്പെടുന്നത് ‘ക്രിസ്ത്യാനികൾ’ എന്ന സ്ഥാനപ്പേരിലാണ്. ക്രിസ്ത്യാനികൾ എന്നുപറയുമ്പോൾ നാം ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചവരാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ക്രിസ്തുവിന്, അർഹതപ്പെട്ടതായ സ്ഥാനം കവരുവാൻ കുടുംബത്തെക്കാൾ കൂടുതൽ സാധ്യതയുള്ള മറ്റൊന്നുണ്ട് - സ്വന്തം ജീവനോടുള്ള സ്നേഹം. അതുകൊണ്ട് കർത്താവ് ഇപ്രകാരം കൂടി ചേർക്കുന്നു. “തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല”. ക്രൂശ് മരണശിക്ഷ നടപ്പിലാക്കുന്നതിനുള്ള ഉപാധിയാണ്. ക്രൂശ് ചുമന്നുകൊണ്ട് അനുഗമിക്കുക എന്നുവച്ചാൽ മരണംപോലും ശിഷ്യത്വത്തിന് നടക്കുവാൻ സന്നദ്ധമായ സമർപ്പണജീവിതം നയിക്കുക എന്നാണ്. എല്ലാ ശിഷ്യന്മാരും കർത്താവിനുവേണ്ടി ജീവൻ അർപ്പിക്കേണ്ടതായ ആവശ്യമില്ല; എന്നാൽ ശിഷ്യന്മാർ എല്ലാവരും സ്വജീവനെക്കാൾ കർത്താവിനെ വിലയേറിയതായി സദാ എണ്ണുവാൻ ആവശ്യമുള്ളവരാണ്.

**ക്രിസ്ത്യാനികൾ**

ദൈവവചനത്തിൽ 3 പ്രാവശ്യം ക്രിസ്ത്യാനി എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഒന്നാമത് അപ്പോ. പ്ര. 11:26 -ൽ “അന്ത്യോക്യയിൽ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേരായി” എന്നതും രണ്ടാമത് അഗ്രിപ്പാരാജാവ് പൗലോസിനോടു സംസാരിക്കുമ്പോൾ “ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പം കൊണ്ട് സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു” എന്നതുമാണ്. മൂന്നാമത്തേത്, പത്രോസ് അപ്പോസ്തൻ വിശ്വാസികളെ പ്രബോധിപ്പിക്കുമ്പോൾ “ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്” എന്നു പറയുന്നതാണ് (1 പത്രോ. 4:16).

പ്രശസ്ത സുവിശേഷകനായിരുന്ന ബില്ലി സൺഡേ (Billy Sunday) പലപ്പോഴും തന്റെ സുവിശേഷ സമ്മേളനങ്ങളിൽ പറയാറുണ്ടായിരുന്ന ഒരു സംഭവം വായിച്ചറിഞ്ഞത് ഇപ്രകാരമാണ്. ഒരിക്കൽ ഒരു ക്രിസ്തീയ വിശ്വാസിക്കു മരങ്ങൾ മുറിച്ചുമാറ്റുന്ന ഒരു സ്ഥലത്ത് ജോലികിട്ടി. മരം മുറിക്കുന്നവർ സാധാരണയായി വളരെ പരുക്കരായ, കഠിനഹൃദയക്കാരായ, ദൈവവിചാരമില്ലാത്ത, വന്യജീവിതം നയിക്കുന്നവരായിരുന്നു. ഇതറിയാവുന്ന ഭക്തനായ ഒരു മനുഷ്യൻ അവരോടൊപ്പം നീ പണി എടുത്താൽ താമസംവിനാ താങ്കൾ അപമര്യാദയായി പെരുമാറുമെന്ന് പറഞ്ഞു. അപ്പോൾ തന്റെ മറുപടിയോ? “എങ്ങനെയെങ്കിലും ഞാൻ ഇതിലെല്ലാം പിടിച്ചു നിന്നുകൊള്ളാം”. ഒരു വർഷത്തിനുശേഷം ഈ “ക്രിസ്ത്യാനി” എന്ന പേരെടുത്ത മനുഷ്യൻ തിരികെ നാട്ടിൽ മടങ്ങി എത്തിയപ്പോൾ പഴയ തന്റെ സുഹൃത്ത് അദ്ദേഹത്തോടു ചോദിച്ചു “എങ്ങനെ താങ്കൾ, അത്തരത്തിൽ മോശമായ സാഹചര്യത്തിൽ മോശമായ ആൾക്കാരോടൊപ്പം കഴിഞ്ഞു?” എന്ന്. അപ്പോൾ ക്രിസ്ത്യാനിയായ സഹോദരൻ പറഞ്ഞു, “ആ വിധം കഴിയാൻ ഒരു പ്രശ്നവുമില്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണെന്ന് അവർക്ക് യാതൊരു വിധത്തിലും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല”. പ്രിയരെ, ഇന്ന് അനേകരുടെയും, നിലവാരം ഇതല്ലെ? നമ്മുടെ മക്കൾ, സഹോദരീസഹോദരന്മാർ പഠനത്തിനായി, ജോലിക്കായി മാതൃസഭയും ഭവനവും വിട്ട് വിദേശങ്ങളിലേക്ക് ചേക്കേറുമ്പോൾ എന്തു സാക്ഷ്യമാണ് അവരെപ്പറ്റി പറയാനുള്ളത്? നിങ്ങളുടെ സ്ഥാപനങ്ങളിലും സമൂഹത്തിലും നിങ്ങൾ ആരാണെന്ന് വെളിപ്പെടുത്തുന്നുണ്ടോ? നിങ്ങൾക്ക് അവിടവിടെയുള്ള പ്രാദേശിക സഭകളുമായി സജീവമായ ഒരു ബന്ധമുണ്ടോ?

അതോ ആരും അറിയാതെ, ഒരു പൊത്തുവരുത്ത ക്രിസ്ത്യാനിയായിട്ടാണോ ജീവിക്കുന്നത്? പത്തനംതിട്ടയിൽ കടമ്മനിട്ടയിൽ വളരെ വർഷങ്ങൾ കർത്താവിന്റെ ഒരു നല്ല സാക്ഷിയായി ജീവിച്ച നെടുഞ്ചേരിൽ സാറാമ്മ മാത്യു എന്ന കർത്തൃദാസി തന്റെ വീട്ടിൽ പണിക്കുവരുന്ന തന്റെ അയൽവാസിയായ “പ്ലാക്കൽകുട്ടി” എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു “ക്രിസ്ത്യാനി”യായി അറിയപ്പെടുന്ന ആളോടും ചോദിച്ച ഒരു ചോദ്യം വളരെ ശ്രദ്ധേയമാണ്? “എടാ കുട്ടീ, നി ഒരു ഈച്ച ക്രിസത്യാനിയാണോ? നീ ഇന്നലെ അമ്പലത്തിലെ എഴുന്നെള്ളിപ്പിന് പോയതായി ഞാൻ അറിഞ്ഞു. അതിന് മുൻപ് നീ പത്തനംതിട്ട കൺവൻഷനും പോയി! ഞായറാഴ്ച പള്ളിയിലും പോയി. സാധാരണ “ഈച്ച”-യാണ് എല്ലാ സ്ഥലത്തും കടന്നുവരുന്നത്? മലിനമായ ഏതു സാധനത്തിന്മേലും അതും പറ്റും; ഭക്ഷണം തുറന്നുവെച്ചാൽ ഏത നല്ല ഭക്ഷണസാധനത്തിന്മേലും അതു വന്നു പറ്റും. കേക്കിലും വന്നു പറ്റും മീനിന്റെ പുറത്തും വന്നു പറ്റും. ഇതാണ് ഈച്ച ക്രിസ്ത്യാനിക്ക് തന്റെ അറിവിൽ കൊടുത്ത മറുപടി കമന്ററി. പ്രിയരേ, നാം ഈ രീതിയിൽ “ഈച്ച ക്രിസ്ത്യാനികളായി” ജീവിക്കാനല്ല ദൈവം നമ്മെ വിളിച്ചു വേർതിരിച്ചത്? “ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും” (വെളി. 3:16).

▶▶ ശേഷം 5-ാം പേജിൽ

# ക്രിസ്തു : ആരാധ്യനായ ദൈവം

**സിജോ മറ്റത്തിൽ**

**ആമുഖം**

> **“യിസ്രായേലെ കേൾക്ക്; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം”. യിസ്രായേലിന് യഹോവ മാത്രമേ ദൈവമായിട്ടുള്ളു. ആ ദൈവത്തോട് മാത്രം ആജീവനാന്തം സ്നേഹം വച്ചു പുലർത്തേണ്ടതാണ്.**

സഭ ആരംഭിച്ചത് യഹൂദ പശ്ചാത്തലത്തിലാണ്. ജൂതമതം “യഹോവ മാത്രം’ ദൈവം എന്ന കാർക്കശ്യസ്വഭാവമുള്ള ദൈവീക വിശ്വാസത്തിലധിഷ്ഠിത മായിരുന്നു. ആവ. 6:4,5 വാക്യങ്ങൾ ഇത് പഠിപ്പിക്കുന്നു; “യിസ്രായേലെ കേൾക്ക്; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം”. യിസ്രായേലിന് യഹോവ മാത്രമേ ദൈവമായിട്ടുള്ളു. ആ ദൈവത്തോട് മാത്രം ആജീവനാന്തം സ്നേഹം വച്ചു പുലർത്തേണ്ടതാണ്. ഇതെഴുതിയിരിക്കുന്ന പുസ്തകസമൂഹത്തെയാണ് ക്രൈസ്തവർ പഴയനിയമം എന്ന് വിളിക്കുന്നത്. എന്നാൽ ചുരുങ്ങിയ നാളുകൾക്കുള്ളിൽ സഭയും യഹൂദ മതവും പരസ്പരം വേർപിരിഞ്ഞു. ഇരുകൂട്ടരും “ഏക സത്യദൈവത്തെ” മാത്രമേ ആരാധിക്കാവൂ എന്ന് വിശ്വസിച്ചിരുന്നു. ഈ ദൈവം നിത്യനാണെന്നും, പരമാധികാരിയാണെന്നും, അരൂപിയാണെന്നും, വ്യക്തിത്വമുള്ളവനാണെന്നും, വിശുദ്ധനാണെന്നും നന്മയാണെന്നും വിശ്വസിച്ചിരുന്നു. എന്നാൽ ഇതിൽ മശിഹയും ദൈവവുമായുള്ള ബന്ധം സംബന്ധിച്ചാണ് ഇരുകൂട്ടരും തമ്മിൽ ഭിന്നതയുണ്ടായത്. ക്രൈസ്തവർ യേശുവിനെയും ദൈവമായി വിശ്വസിച്ച് ആരാധിച്ചു. അതേസമയം അക്രൈസ്തവരായ യഹൂദന്മാർ ഇപ്പോഴും അവരുടെ മശിഹ വരുന്നതിനായി

▶▶ ശേഷം 4-ാം പേജിൽ

**വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്**

## സുവിശേഷ ക്യാമ്പ്

**പത്തനംതിട്ട - ചെങ്ങറയിൽ**

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിൽ പത്തനംതിട്ട ചെങ്ങറ ബ്രദറൺ ചർച്ചിന്റെയും വൈ.എം.ഇ.എഫ്. പത്തനംതിട്ട സെന്ററിന്റെയും പത്തനംതിട്ട സുവിശേഷാലയത്തിന്റെയും സഹകരണത്തിൽ ഒരു സുവിശേഷ ക്യാമ്പ് 2025 ജനുവരി 30 വ്യാഴം രാവിലെ 9.00 മുതൽ ഫെബ്രുവരി 1 ശനി ഉച്ചയ്ക്ക് 2 മണി വരെ പത്തനംതിട്ട ചെങ്ങറ എന്ന സ്ഥലത്ത് വച്ച് സുവിശേഷപ്രവർത്തനങ്ങൾ നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ആയതിലേക്ക് സുവിശേഷ തല്പരരായ എല്ലാ സഹോദരൻമാരും കടന്നു വരികയും സഭയിൽ നിന്ന് യുവാക്കന്മാരെ ഉത്സാഹിപ്പിച്ച് അയയ്ക്കുകയും ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും സാമ്പത്തിക ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും ചെയ്യണമെന്ന് വിശേഷാൽ അഭ്യർത്ഥിക്കുന്നു.

ചെങ്ങറ ബ്രദറൺ ചർച്ചിനുവേണ്ടി
**സി.എസ്. സാമുവേൽ**

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന് വേണ്ടി
**ജേക്കബ് പി. മാത്യു** (പ്രസിഡന്റ്)
**ജോയികുമാർ** (സെക്രട്ടറി), മൊ: 9446022942

പത്തനംതിട്ട വൈ.എം.ഇ.എഫ്. സെന്ററിനുവേണ്ടി
**വി.റ്റി. രവി** (സെന്റർ സെക്രട്ടറി), മൊ. 9744413326

സുവിശേഷാലയത്തിനുവേണ്ടി
**ഒ.റ്റി. ചെറിയാൻ** (സെക്രട്ടറി)

**പ്രധാന പരിപാടികൾ**

- ഭവന സന്ദർശനം
- ബൈബിൾ ക്ലാസ്സ്
- ഗ്രൂപ്പ് പ്രാർത്ഥന
- പരസ്യയോഗം
- വചനധ്യാനം (1 കൊരി. 3-4)
- രാത്രി യോഗങ്ങൾ

**താമസ സൗകര്യം : പത്തനംതിട്ട സുവിശേഷാലയത്തിൽ**

ഭവനസന്ദർശനത്തിന് രാവിലെ 8.00 മണിക്ക് സുവിശേഷാലയത്തിൽ നിന്നും പുറപ്പെടുന്നതാണ്.

എഡിറ്റോറിയൽ — പേജ് 2
ഒരദ്ധ്യായം ഒരിത്തിരി ചിന്ത — പേജ് 3
ലേഖനം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്താശകലം — പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2025 ജനുവരി 18/ പുസ്തകം 42 ലക്കം 34

എഡിറ്റോറിയൽ

# ഈ ലോകത്തിന്റെ നിയന്ത്രണം വ്യക്തികളുടെ കയ്യിലോ ?

നാം പാർക്കുന്ന ഭൂമിയിൽ വ്യക്തമായി അറിയപ്പെടുന്ന ഇരുനൂറോളം രാജ്യങ്ങൾ ഉണ്ട്. അതിൽ ഭൂരിപക്ഷവും സ്വതന്ത്രവുമാണ്. അവിടെയെല്ലാം പ്രത്യേകം പ്രത്യേകം ഭരണ സംവിധാനങ്ങളും ഉണ്ട്. അത് അത്യാവശ്യമാണ് താനും. അല്ലെങ്കിൽ ന്യായാധിപന്മാരുടെ കാലം പോലെയാകും. നാം വായിക്കുന്നത് 'ആ കാലത്തു യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ തനിക്കു ബോധിച്ചതു പോലെ നടന്നു' എന്നാണല്ലോ. അപ്പോൾ ഭരണവും നിയമസംവിധാനങ്ങളും ഒഴിച്ചുകൂടാനാവാത്തതാണ്. അത് ദൈവീക നിയോഗവുമാണ്. ഇന്ന് രാജാക്കന്മാരുടെ കാലം അവസാനിച്ചിരിക്കയാണല്ലോ. ജനാധിപത്യമാണ് മിക്കവാറും എല്ലായിടത്തും. ചുരുക്കം ചില ഇടങ്ങളിൽ സ്വേച്ഛാധിപത്യവുമുണ്ട്. ദാനിയേൽ പ്രവചനപ്രകാരം'ഇരുമ്പും കളിമണ്ണും ചേർന്ന'ഭരണസംവിധാനം. അത് യുഗാവസാനകാലഘട്ടമാണല്ലോ. 'കൈ തൊടാത്ത കല്ല്' വരാൻ സമയം അടുത്തുവെന്ന് സാരം.

നാം ഇത് വായിക്കുമ്പോഴേക്കും അമേരിക്കയിൽ പുതിയൊരു പ്രസിഡണ്ട് അധികാരത്തിൽ വന്നിരിക്കുമല്ലോ. ഓരോ തിരഞ്ഞെടുപ്പിലും അതിന്റെ വാശിയും വീറും നാം കാണാറുണ്ട്. തിരഞ്ഞെടുപ്പിൽ വിജയിക്കുവാൻ അവരുടെ അല്ലെങ്കിൽ അവർ ചേർന്ന് നിൽക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ കഴിവും സ്വാധീനവുമൊക്കെയാണ് കാരണം എന്ന് നാം വിലയിരുത്താറുമുണ്ട്. അത് ലോകത്തിന്റെ അളവുകോൽ പ്രകാരമാണ്. പുറമെ നോക്കിയാൽ അത് ശരിയായിരിക്കാം. പക്ഷെ ഭരണങ്ങളെ ആത്യന്തീകമായും നിയന്ത്രിക്കുന്നത് ജനം തന്നെയാണോ?

ആരാണ് ഈ ഭൂമിയിൽ ഭരണാധികാരികളെ തീരുമാനിക്കുന്നതും നിയമിക്കുന്നതും ? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ കഴിയുന്നത് ദൈവവചനത്തിൽ മാത്രമാണ്. സത്യത്തിൽ രാജാക്കന്മാരെ നിയമിക്കുന്നതും നീക്കുന്നതും ദൈവത്തിന്റെ കരങ്ങളാണ്. അത് തെളിയിക്കുവാൻ ദൈവവചനമായ വേദപുസ്തകം മതിയാകും. മറ്റൊരിടത്തും അതിനുത്തരം കണ്ടെത്താനാകില്ല.

ലോകത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി ആരാണെന്ന് പലപ്പോഴും സംശയം ഉയരാറുണ്ട്. ഇതൊക്കെയും മാനുഷികമായ ചോദ്യങ്ങളാണ്. പക്ഷെ മനുഷ്യൻ കരുതുന്നത് അവർക്ക് ലോകത്തെ അവരുടെ ഇഷ്ടം പോലെ നിയന്ത്രിക്കാം എന്നാണ്. എന്നാൽ ദൈവവചനം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നത് എല്ലാ അധികാരങ്ങളും ദൈവത്തിൽ നിന്നും ദൈവത്താലും ആണ് എന്നാണ്. റോമർ 13:1 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു'. അപ്പോൾ രാജാക്കന്മാരുടെ അധികാരം ദൈവം അവർക്ക് കൊടുത്തതാണെന്ന് സാരം.

പഴയനിയമ പുസ്തകങ്ങളിൽ വായിക്കുന്നതുപോലെ ദൈവം യിസ്രായേലിനെ ശിക്ഷിക്കുവാൻ പലപ്പോഴും വിജാതീയരായ ഭരണാധികാരികളെ നിയോഗിച്ചു. അവർ ദൈവഭക്തരായതുകൊണ്ടല്ല, പിന്നെയോ ദൈവം അവരെ ദൈവം തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ആ സ്ഥാനത്തേക്ക് കൊണ്ടുവന്നതുകൊണ്ടാണ്. പല ഉദാഹരണങ്ങൾ നമ്മൾക്ക് ലഭ്യമാണെങ്കിലും നെബുഖദ്നേസറിന്റെ ചരിത്രം പ്രത്യേകം ശ്രദ്ധേയമാണ്. നെബൂഖദ്നേസറും യഹോവയെ അറിഞ്ഞ വ്യക്തിയായിരുന്നില്ലല്ലോ. എന്നാൽ യെഹൂദയെ ആക്രമിക്കുവാൻ ദൈവം തന്നെ മൂന്നു പ്രാവശ്യം അനുവദിച്ചു. ദേവാലയവും നാമാവശേഷമാക്കുവാൻ അനുവാദം കൊടുത്തു. ദൈവം തന്റെ ദാസനായ യിരെമ്യാവിനെ ഉപയോഗിച്ച് അവർക്ക് മുന്നറിവ് കൊടുത്തപ്രകാരം എഴുപത് വർഷം യെഹൂദാ പ്രവാസത്തിൽ പോകേണ്ടി വന്നു. എന്നാൽ ഈ പ്രവാസകാലത്ത് ഭരണങ്ങൾ വീണ്ടും മാറി. ദൈവം യെഹൂദയെ മടക്കിക്കൊണ്ടു വരാൻ പാഴ്സി രാജാവായ കോരെശിനെ നിയോഗിച്ചു. കോരശ് രാജാവാകുന്നതിന് വളരെ മുമ്പു തന്നെ ദൈവം തന്റെ ദാസന്മാർ മുഖാന്തിരം അത് പ്രസ്താവിച്ചിരുന്നു (യെശയ്യാവ് 45 : 1 –5). ഇതൊക്കെ ലോകചരിത്രമാണെങ്കിലും ദൈവത്തിന്റെ കൈ വളരെ വ്യക്തമാണല്ലോ.

അതായത്; ദൈവത്താൽ നിയോഗിതരായ ലോകഭരണാധികാരികൾ അവർ ആരു തന്നെയായാലും ദൈവവചനാനുസരണം നാം അവർക്ക് കീഴടങ്ങിയിരിക്കണം, അവരെ ബഹുമാനിക്കണം, അവർക്ക് വേണ്ടി പ്രാർത്ഥിക്കണം. എന്നാൽ ദാനിയേൽ പ്രവചനത്തിൽ വായിക്കുന്നത് പോലെ നാം കാണുന്ന യെഹൂദപുത്രന്മാരായിരുന്ന ദാനിയേൽ, ഹനന്യാവു, മീശായേൽ, അസര്യാവു എന്നിവരുടെ മനോഭാവവും പ്രവർത്തിയുമാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ദൈവവവചനത്തിന് എതിരായി രാജാക്കന്മാരെ അനുസരിക്കേണ്ടതില്ല തന്നെ. അതാണ് ആ യെഹൂദ ബാലന്മാർ ചെയ്തത്.

രാജാക്കന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും നമ്മൾക്ക് കല്പനയുണ്ടല്ലോ. 1 തിമോ. 2:1–3 ; "എന്നാൽ സകലമനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു."

ചുരുക്കിപ്പറഞ്ഞാൽ ദൈവത്താൽ അല്ലാതെ ഒരു അധികാരവും ആർക്കുമില്ല. അവർ ജീവനുള്ള ദൈവത്തെ അറിഞ്ഞവരാകണം എന്നില്ല. പക്ഷെ രാജാവിന്റെ ഹൃദയം ദൈവത്തിന്റെ കയ്യിൽ നീർത്തോട് പോലെ ഇരിക്കുന്നു. അത് തനിക്ക് ഇഷ്ടമുള്ളേടത്തേക്കൊക്കെ തിരിക്കുകയും ചെയ്യും.

ഈ ലോകത്തിന്റെ നിയന്ത്രണവും ദൈവത്തിന്റെ പക്കൽ ആണ്. തനിക്ക് ഇഷ്ടമുള്ള രീതിയിൽ അത് കൊണ്ട് പോകാനും സാധിക്കും. എന്നാൽ നമ്മൾ ഭയഭക്തിയോടെ ജീവിക്കേണ്ടവരാണ്. ●

# ആത്മീയ സംഗമം കല്ലിശ്ശേരി 2025

**2025 ഫെബ്രുവരി 12 ബുധൻ മുതൽ 15 ശനി വരെ**
**സമയം : വൈകുന്നേരം 6.30 മുതൽ 8.40 വരെ**
**സ്ഥലം : ബി.ബി.സി. ആഡിറ്റോറിയം, കല്ലിശ്ശേരി**

**ബൈബിൾ പ്രഭാഷണങ്ങൾ പ്രസംഗകർ :**

| | | |
|---|---|---|
| ബുധൻ | സാം സഖറിയ | പി.വി. രാജു |
| വ്യാഴം | ഡോ. കെ.സി. ജോൺസൻ | എം.വി. ബാബു |
| വെള്ളി | ബിജു മാത്യു | ബിജു ചുവന്നമണ്ണ് |
| ശനി | തോമസ് ജേക്കബ് | തോംസൺ ബി. തോമസ് |

**ബൈബിൾ ക്ലാസ്സ് : സഭാ പരിപാലനം**
**സഹോ. തോംസൺ ബി. തോമസ്**

2025 ഫെബ്രുവരി 13 വ്യാഴം മുതൽ 15 ശനി വരെ,
സമയം രാവിലെ 9.30 മുതൽ 11.30 വരെ

കൂടുതൽ വിവരങ്ങൾക്ക് : 9496831534, 9825068091

# ധ്വനി ബൈബിൾ ക്വിസ് – 58

## യെഹെസ്കേലിന്റെ പുസ്തകം ശരിയുത്തരങ്ങൾ

1. മരുഭൂമി (യെഹെസ്കേൽ 6:14).
2. കാലം നീണ്ടുപോകും ദർശനം ഒക്കെയും ഒക്കാതെ പോകും (യെഹെസ്കേൽ 12:22–23).
3. 16 മുഖങ്ങളും 16 ചിറകുകളും (യെഹെസ്കേൽ 1:6).
4. യെരുശലേം (യെഹെസ്കേൽ 16:3,45).
5. ശണവസ്ത്രം ധരിച്ച് അരയിൽ എഴുത്തുകാരന്റെ മഷികുപ്പിയുമായി നിന്നിരുന്ന പുരുഷനോട് (യെഹെസ്കേൽ 9:3–4).
6. യെഹെസ്കേലിനെ (യെഹെസ്കേൽ 3:17).
7. ശാഫാൻ (യെഹെസ്കേൽ 8:11), അസ്സൂർ (യെഹെസ്കേൽ 11:1).
8. ഇരുപത് ശേക്കെൽ തൂക്കം (യെഹെസ്കേൽ 4:10).
9. നോഹ, ദാനിയേൽ, ഇയ്യോബ് (യെഹെസ്കേൽ 14:14).
10. ബെനയാവിന്റെ മകനായ പെലത്യാവ് (യെഹെസ്കേൽ 11:13).

## എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

1. ഏലിയാമ്മ കുര്യൻ, വാകത്താനം
2. ബെറ്റ്സി കുര്യൻ, മുക്കന്നൂർ
3. റായ്മോൾ സൂസൺ ജോൺസ്, കൊച്ചി
4. ആലീസ് സാം, കല്ലിശ്ശേരി
5. ഹെഫ്സിബ ജോഷ്വാ, വൈപ്പിൻ
6. ഇ.എം. സ്കറിയ, എറണാകുളം
7. സാലി വർഗ്ഗീസ്, പുത്തൻകാവ്
8. മേരി ജോൺ, പുത്തൻകാവ്
9. തോമസ് സാമുവേൽ, കൊല്ലം
10. എ.റ്റി. വർഗ്ഗീസ്, കീഴില്ലം
11. റ്റിൻസി പോൾസൺ, തൃശ്ശൂർ
12. ജയ്നമ്മ ജയ്ൻ, കോട്ടയം
13. ജെയ്ൻ റോയി, മണ്ണാറക്കുളഞ്ഞി
14. റോസമ്മ റോയി, പാണ്ടനാട്
15. ലിസ്സി സാജൻ, പുത്തൻകാവ്
16. ജോളി രാജു, കല്ലിശ്ശേരി
17. ജോയ്സ് ജേക്കബ്, കറുകച്ചാൽ
18. ജോളി മാത്യു, കലത്തൂർ
19. ലീലാമ്മ നെൽസൺ, അറയ്ക്കപ്പെടി
20. ആലീസ് കോര, കോട്ടയം
21. ജിമ ജോഷ്വാ, ചെറിയതുറ
22. മോളിക്കുട്ടി ബാബു, കരിക്കാട്
23. ഗ്രേസ് ഡാനിയേൽ, മുണ്ടുകോട്ടക്കൽ
24. ജോയിസ് ഗീവർഗ്ഗീസ്, അഠൂർ
25. ഗ്ലോറി ചാൾസ്, അങ്കമാലി
26. മേഴ്സി മാത്യു, കായനാട്
27. മേരി പി. മാമ്മൻ, കല്ലിശ്ശേരി
28. എം.റ്റി. തോമസ്, ബാംഗ്ലൂർ
29. ജെയ്ൻ പോൾ, പേരൂർക്കട
30. ഷീബാ ജോക്കബ്, ന്യൂഡൽഹി
31. മേഴ്സി ജെയിംസ്, അങ്കമാലി
32. ജോസ് വി. മാത്യു, ഇരവിപേരൂർ
33. മറിയാമ്മ തോമസ്, കുന്നന്താനം
34. ജോയി സാം, റാന്നി
35. നൈസി രെഞ്ചി, ചേപ്പാട്
36. മോളി ജോയി, മൂവാറ്റുപുഴ
37. ബേബി മോഹൻ, തൃശൂർ
38. പൊന്നമ്മ രാജു, ബാംഗ്ലൂർ
39. ഗ്രേസ് ബേബി, മുണ്ടക്കയം
40. ഡെയ്സി ജോസ്, മാവേലിക്കര
41. പി.വി. എലിസബത്ത്, പേരൂർക്കട
42. നാൻസി സാമുവേൽ, കോട്ടയം
43. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ
44. മേരി ജോർജ്, റാന്നി
45. പി.കെ. ജോർജ്ജ്കുട്ടി, പെരുമ്പാവൂർ

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/–
വിദേശങ്ങളിൽ : ₹ 3000/–

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു; അനർത്ഥകാലത്തു അവൻ സഹോദരനായ് തീരുന്നു"
(സദൃ. 17:17)

# മാൽവി

## എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

ഇ.ജെ.പി.

**ജനസംഖ്യ :**
1.5 കോടി

**സാക്ഷരതാനിരക്ക് :**
60%

**വേദപുസ്തക ലഭ്യത :**
ഈ ഭാഷയിൽ പുതിയനിയമം ലഭ്യമാണ്. പഴയനിയമം പരിഭാഷപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകഴിഞ്ഞു. കേട്ടുമനസ്സിലാക്കുവാൻ കഴിയുന്ന ഓഡിയോ ബൈബിൾ, വേദപുസ്തകവാക്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള റിക്കോർഡുകൾ, ജീസസ് ഫിലിം, പാട്ടുകൾ, ബൈബിൾ കഥാപുസ്തകങ്ങൾ തുടങ്ങി മറ്റു പല വചനപഠന സഹായികളും ലഭ്യമാണ്.

**പ്രാർത്ഥനയ്ക്കായി :**
മാൽവി സമൂഹത്തിന്റെ ഇടയിൽ സജീവമായ സഭകൾ ഉണ്ടാകുന്നതിനുവേണ്ടി മാൽവി ഭാഷയിൽ ലഭ്യമാക്കിയിട്ടുള്ള പുതിയനിയമ പുസ്തകങ്ങൾ, ജീസസ് ഫിലിം, ബൈബിൾ കഥകൾ, പാട്ടുകൾ തുടങ്ങിയവയെല്ലാം ഫലപ്രദമായി ഉപയോഗിച്ച് അവിടെയുള്ള ജനങ്ങളുടെ ജീവിതങ്ങളിൽ രൂപാന്തരം വരുന്നതിനുവേണ്ടി.

അർപ്പണബോധമുള്ള മാൽവി പ്രവർത്തകർ പരിഭാഷാടീമിനോടു ചേർന്ന് വേദപുസ്തകപരിചയ പരിപാടികളിൽ പങ്കാളികളായി പ്രവർത്തിക്കുന്നതിനുവേണ്ടി.

2000 ത്തിൽ ഒരു ഭാഷാ സർവേ ടീം, മാൽവാ പ്രദേശങ്ങളിൽ സംസാരിക്കുന്ന ഭാഷകളെക്കുറിച്ച് ഒരു സർവ്വേ നടത്തുന്നതിനായി പുറപ്പെട്ടു. മദ്ധ്യപ്രദേശിലെ 10 ജില്ലകളെയാണ് അവർ ലക്ഷ്യമാക്കിയത്. ലഭിച്ച പ്രാഥമിക റിപ്പോർട്ടനുസരിച്ച് ഹിന്ദിയാണ് പൊതുവെ എല്ലാവരും സംസാരിക്കുന്ന ഭാഷ എന്നു തോന്നി. എന്നാൽ തുടർന്ന് സർവ്വേ ടീം ആ ദേശവാസികളോടു സംസാരിക്കുകയും ഗ്രാമങ്ങളിലേയ്ക്കു കടന്നുചെന്ന് ഭാഷകളെ സംബന്ധിച്ച വിവരശേഖരണം നടത്തുകയും ചെയ്തു. അപ്പോൾ പട്ടണങ്ങളിലും നഗരങ്ങളിലും മാത്രമേ ഹിന്ദി സംസാരിക്കുന്നുള്ളു എന്ന് സർവ്വേ ടീമിനു മനസ്സിലായി. ഗ്രാമങ്ങളിൽ മാൽവി എന്ന മറ്റൊരു ഭാഷയാണ് സംസാരിച്ചിരുന്നത്. മദ്ധ്യപ്രദേശിലെ ഉജ്ജയ്ൻ, ഇൻഡോർ, രത്‌ളാം, മണ്ട്സോർ, രാജ്ഖർ, ദേവാസ്, ഷാജാപൂർ, നീമച്ച്, സെഹോർ, ധർ, ഭോപാൽ എന്നീ ജില്ലകളിൽ മാൽവി ഭാഷ സംസാരിക്കുന്നവരെ കാണാം. രാജസ്ഥാനിലെ ത്ധാലവാർ, പ്രതാപ്ഘർ എന്നീ ജില്ലകളിലും കുറെ മാൽവാ ഭാഷക്കാരെ കാണുന്നുണ്ട്. ഈ മേഖലയെ ആകെ ഈ ജനവിഭാഗത്തിന്റെ പേരിൽ മാൽവാ മേഖല എന്നു പറയുന്നു.

മാൽവി ജനങ്ങളുടെ ഇടയിൽ ദൈവം പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണമായി ഒരു മാൽവി ഗ്രാമമായ ടങ്കാ ഖേഡയിൽ ഈ ജനത്തിന്റെ മാനസാന്തരം ലക്ഷ്യമാക്കി രണ്ടു സുവിശേഷകന്മാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദ്യമെല്ലാം അവിടെ സുവിശേഷത്തോടു കടുത്ത എതിർപ്പുണ്ടായിരുന്നു. ഗ്രാമത്തിൽ ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് പരസ്യമായി പറയുവാനും പങ്കുവെയ്ക്കുവാനും സാധിക്കുമായിരുന്നില്ല. അതിനാൽ അവർ ആ ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്കു റ്റ്യൂഷൻ ആരംഭിച്ചു. കഴിഞ്ഞ 3 വർഷമായി അവർ അതു തുടരുന്നു. ക്രമേണ അവർ കുഞ്ഞുങ്ങൾക്കു ബൈ








പ്പോൾ മാൽവി ഭാഷ സംസാരിക്കുന്ന ഏകദേശം 20 പേർ അവിടെ നടക്കുന്ന പ്രാർത്ഥനായോഗത്തിൽ പതിവായി പങ്കെടുത്തുവരുന്നു. അവരിൽ കുറച്ചു പേർ സ്നാനപ്പെട്ടു. കൂടുതൽ കുടുംബങ്ങൾ സ്നാനപ്പെട്ടു കർത്താവിന്റെ സാക്ഷികളാകുവാൻ തയ്യാറായിരിക്കുന്നു. അവിടെയുള്ള വിശ്വാസികൾ ക്രിസ്തീയ വിശ്വാസത്തിൽ വളർന്നു ബലപ്പെട്ടുകൊണ്ടിരിക്കുന്നു. ●

അദ്ധ്യായം 08

# ഒരദ്ധ്യായം ഒരിത്തിരി ചിന്തകൾ
## രാജാക്കന്മാരുടെ 1-ാം പുസ്തകം

ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി

**"ശലോമോൻ യഹോവയോട് ഈ പ്രാർത്ഥനയും യാചനയും എല്ലാം കഴിച്ചുതീർന്നശേഷം അവൻ യഹോവയുടെ യാഗപീഠത്തിൻ മുമ്പിൽ മുഴങ്കാൽ കുത്തിയിരുന്നതും കൈ ആകാശത്തേക്കു മലർത്തിയിരുന്നതും വിട്ട് എഴുന്നേറ്റു". തിരുവചനത്തിൽ മുട്ടുകുത്തി പ്രാർത്ഥിച്ചത് ശലോമോനാണ്; പിന്നീട് പലരും അതു ചെയ്തിട്ടുണ്ട് (എബ്രാ. 9:5); 55-ാം വാക്യത്തിൽ വീണ്ടും നിന്നുകൊണ്ട് യിസ്രായേൽ സഭയെയൊക്കെയും ഉച്ചത്തിൽ ആശീർവദിക്കുന്നു.**

യഹോവയുടെ നിയമപെട്ടകം സീയോൻ എന്ന ദാവീദിന്റെ നഗരത്തിൽ നിന്നു കൊണ്ടുവരേണ്ടതിനു ശലോമോൻ രാജാവ് യിസ്രായേൽ മൂപ്പൻമാരെയും യിസ്രായേൽമക്കളുടെ പിതൃഭവനങ്ങളിലെ പ്രഭുക്കന്മാരായ സകല ഗോത്ര പ്രധാനികളെയും യെരുശലേമിന് ഒന്നിച്ചു കൂട്ടുന്ന ചിത്രത്തോടെ എട്ടാം അദ്ധ്യായം ആരംഭിക്കുന്നു. കൂടാരപ്പെരുന്നാളിനു തൊട്ടുമുമ്പുള്ള ഒരുവലിയ ദേശീയ അവധി ദിവസമാണതിനു തിരഞ്ഞെടുത്തത് (വാക്യം രണ്ട് ശ്രദ്ധിച്ചാലും). ദൈവാലയത്തിലേക്കു ദൈവത്തിന്റെ നിയമപെട്ടകവും സമാഗമകൂടാരവും കൂടാരത്തിലെ വിശുദ്ധ ഉപകരണങ്ങളൊക്കെയും കൊണ്ടുവന്നു (വാക്യം 4). 3,4 വാക്യങ്ങളിൽ : "യിസ്രായേൽ മൂപ്പന്മാരൊക്കെയും വന്നപ്പോൾ പുരോഹിതന്മാർ യഹോവയുടെ പെട്ടകം എടുത്തു"; "പുരോഹിതന്മാരും ലേവ്യവരുമത്രേ അവയെ കൊണ്ടുവന്നത്". തന്റെ പിതാവായ ദാവീദിനു വന്ന ആത്മീയവീഴ്ച (2 ശമുവേൽ 6) തനിക്കു വരാതിരിക്കാൻ ശ്രദ്ധാപൂർവ്വം ശലോമോൻ പെരുമാറുന്നു. നാം എത്ര ശ്രദ്ധയോടെ ദൈവമുമ്പാകെ പ്രവർത്തിക്കണമെന്നു ഇന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ദൈവം "ക്രമങ്ങളുടെ ദൈവമാണ്". ദൈവഹിതപ്രകാരം പ്രവർത്തിച്ചപ്പോൾ 10,11 വാക്യങ്ങളുടെ അനുഗൃഹീതമായ അനുഭവം ദൈവജനത്തിനുണ്ടായി! പുറപ്പാട് 40:34,35 വാക്യങ്ങൾ കൂടെ ചേർത്തു ചിന്തിച്ചാലും.

"യിസ്രായേൽമക്കൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടശേഷം യഹോവ അവരോടു നിയമം ചെയ്തപ്പോൾ മോശെ ഹോറെബിൽവച്ച് അതിൽവച്ചിരുന്ന രണ്ട് കല്പലകയല്ലാതെ പെട്ടകത്തിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല" (വാക്യം 9). പെട്ടകത്തിൽ മുൻപുണ്ടായിരുന്ന മന്ന ഇട്ടുവച്ച പൊൻപാത്രവും അഹരോന്റെ തളിർത്തവടിയും (എബ്രാ. 9:4) ശലോമോന്റെ കാലത്തു കാണുന്നില്ല.

പന്ത്രണ്ടാം വാക്യം മുതൽ ദൈവാലയ പ്രതിഷ്ഠ സമയത്ത് ശലോമോന്റെ പ്രാർത്ഥനയാണ് കാണുന്നത്. പ്രസ്തുത പ്രാർത്ഥന (വാക്യം 2) ശ്രദ്ധിച്ചാൽ : (1) ദൈവത്തിനു ഒരു ദൈവാലയം പണിതിരിക്കുന്നു എന്നു നന്ദിയോടെ പറയുന്നു (വാക്യം 12, 13); (2) തന്റെ അപ്പനായ ദാവീദിനോടു തിരുവായ്കൊണ്ട് അരുളിചെയ്തതും തൃക്കൈകൊണ്ടു നിവർത്തിച്ച ദൈവത്തെ മഹത്വപ്പെടുത്തുന്നു (വാക്യം 15); (3) ദാവീദിനോടു അവന്റെ മകനെക്കൊണ്ട് (ശലോമോനെ) ദൈവലായം പണിയിക്കുമെന്ന വാഗ്ദത്തം നിവർത്തിച്ചിരിക്കുന്നത് നന്ദിയോടെ ഓർക്കുന്നു (വാക്യം 16-21); (4) 23, 24 വാക്യങ്ങളിൽ വിശ്വസ്തനായ ദൈവത്തെയും തന്റെ ദാസന്മാർക്ക് ധൈര്യപ്പെടാനുള്ള വസ്തുതയും കാണുന്നു; (5) 25,26 വാക്യങ്ങളിൽ ദൈവീകവാഗ്ദത്ത നിവൃത്തിക്കായി കാത്തിരിക്കുന്നു. ദൈവീകവാഗ്ദത്തം ജീവിതത്തിൽ നിറവേറുവാൻ നാം നിത്യവും ഓർക്കേണ്ടതും പാലിക്കേണ്ടതും എന്താണ്? 'ദൈവമുമ്പാകെ നടക്കത്തക്കവണ്ണം നമ്മുടെ വഴി നാം സൂക്ഷിക്കണം', (6) സ്വർഗത്തിലും സ്വർഗാധിസ്വർഗത്തിലും അടങ്ങാത്ത ദൈവം, താൻ യഹോവക്കായി പണിത ആലയത്തിലേക്കു തൃക്കൺപാർക്കുന്നതോർത്തു നന്ദിയും സ്തോത്രവും കരേറ്റുന്നു. ഇരുപത്തിയേഴാം വാക്യത്തിൽ സ്വർഗത്തിലും ഭൂമിലും സ്വർഗാധിസ്വർഗത്തിലും അടങ്ങാത്ത ദൈവം സാധുക്കളായ നമ്മുടെ ഹൃദയത്തിൽ! നാം കൂടിവരുന്നയിടങ്ങളിൽ! ഹാ എന്തൊരത്ഭുതം! (7) വാക്യം 28-50 വരെയുള്ള വാക്യങ്ങളിൽ, താൻ യഹോവയ്ക്കായി പണിത ആലയത്തിലേക്കു തന്റെ ജനവും യിസ്രായേലിന്റെ ദൈവത്തെ അറിയുവാൻ താൽപ്പര്യമുള്ള ഒരു അന്യജാതിക്കാരനോ പ്രാർത്ഥിക്കുവാൻ വന്നാൽ അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം അരുളണമെന്നും ഒരു രാഷ്ട്രം എന്ന രീതിയിൽ നേരിടാവുന്ന സകലകാര്യങ്ങളിലും കർത്താവു കൂടെയിരിക്കണമെന്നും യാചിക്കുന്നു; (8) 51-53 വരെയുള്ള തിരുവചനഭാഗത്തിൽ ദൈവം യിസ്രായേലിനെ മിസ്രയീം എന്ന ഇരുമ്പുലയുടെ നടുവിൽ നിന്ന് വീണ്ടെടുത്ത ദൈവത്തിന്റെ ജനവും ദൈവത്തിന്റെ അവകാശവും ആകുന്നു എന്നും യിസ്രായേലിനെ ദൈവത്തിനായി വേർതിരിച്ചു എന്നും പ്രസ്താവിക്കുന്നു!

വാക്യം 55-61 വരെ ശലോമോൻ രാജാവ് യിസ്രായേൽ സഭയെയൊക്കെയും ഉച്ചത്തിൽ ആശീർവദിച്ചു സംസാരിക്കുന്നു. വാക്യം 62-65 വരെ എല്ലാ യിസ്രായേലും യാഗം കഴിക്കയും ദൈവസന്നിധിയിൽ സന്തോഷിക്കയും ചെയ്യുന്നു. 66-ാം വാക്യം ശ്രദ്ധിച്ചാലും; "എട്ടാം ദിവസം അവൻ ജനത്തെ വിട്ടയച്ചു; അവർ രാജാവിനെ അഭിനന്ദിച്ചു; യഹോവ തന്റെ ദാസനായ ദാവീദിനും തന്റെ ജനമായ യിസ്രായേലിനും ചെയ്ത എല്ലാ നന്മയെയും കുറിച്ചു സന്തോഷവും ആനന്ദവുമുള്ളവരായി തങ്ങളുടെ കൂടാരങ്ങളിലേക്കു പോയി".

ശലോമോന്റെ പ്രാർത്ഥനയുടെ വിധം : നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു അഥവാ സർവ്വസഭയെയും അനുഗ്രഹിക്കുന്നു (വാക്യം 14); നിന്നുകൊണ്ട് കൈമലർത്തി പ്രാർത്ഥിക്കുന്നു (വാക്യം 22); 54--ാം വാക്യം ശ്രദ്ധിച്ചാലും; "ശലോമോൻ യഹോവയോട് ഈ പ്രാർത്ഥനയും യാചനയും എല്ലാം കഴിച്ചുതീർന്നശേഷം അവൻ യഹോവയുടെ യാഗപീഠത്തിൻ മുമ്പിൽ മുഴങ്കാൾ കുത്തിയിരുന്നതും കൈ ആകാശത്തേക്കു മലർത്തിയിരുന്നതും വിട്ട് എഴുന്നേറ്റു". തിരുവചനത്തിൽ മുട്ടുകുത്തി പ്രാർത്ഥിച്ചത് ശലോമോനാണ്; പിന്നീട് പലരും അതു ചെയ്തിട്ടുണ്ട് (എബ്രാ. 9:5); 55-ാം വാക്യത്തിൽ വീണ്ടും നിന്നുകൊണ്ട് യിസ്രായേൽ സഭയെയൊക്കെയും ഉച്ചത്തിൽ ആശീർവദിക്കുന്നു. ●

1-ാം പേജ് തുടർച്ച

# ക്രിസ്തു : ആരാധ്യനായ ദൈവം

കാത്തിരിക്കുന്നു. അവർ ചിന്തിച്ചത് യേശു എന്ന നസ്രായൻ സ്വയം മശിഹായായി ദൈവമാണെന്ന് അവകാശപ്പെട്ട് "ദൈവദൂഷണം" പറയുന്നു എന്നാണ് (മത്താ. 26:59-66 വായിക്കുക). അത് ന്യായപ്രമാണപ്രകാരം മരണ ശിക്ഷയ്ക്ക് യോഗ്യനാക്കുന്ന കാര്യമാണ്.

എങ്ങനെയാണ് ക്രൈസ്തവ സഭ ഏകദൈവ വിശ്വാസത്തിൽ നിലനിൽക്കെ തന്നെ യേശുവിനെ ദൈവമായി ആരാധിച്ചത്? പല കാരണങ്ങളും ഇതിനു പിന്നിലുണ്ട്:

**A. ക്രിസ്തു "ദൈവപുത്രൻ" ആണെന്ന് സഭ തിരിച്ചറിഞ്ഞു.**

"ദൈവപുത്രൻ" എന്ന പേര് ദൈവീക സാരാംശം ഉള്ളവൻ എന്നർത്ഥമാക്കുന്നു. എബ്രാ. 1:3 -ൽ ലേഖകൻ ക്രിസ്തുവിനെ 'ദൈവപുത്രൻ' എന്ന് അഭിസംബോധന ചെയ്യുന്നതു വഴി ക്രിസ്തുവിൻെറ സത്താമീമാംസപരമായ യാഥാർത്ഥ്യം മനസ്സിലാക്കി തരുന്നു. പഴയ നിയമ കാലഘട്ടത്തിൽ ഈ പ്രയോഗത്തിന് ജനിപ്പിക്കപ്പെട്ടവൻ'" എന്ന് അർത്ഥമില്ല. ഉദാഹരണമായി, "പ്രവാചക ശിഷ്യന്മാരെ പ്രവാചക പുത്രന്മാർ' എന്ന് വിളിച്ചിരുന്നു. അതിന് കാരണം അവർ പ്രവാചകന് ജനിച്ചു എന്നതു കൊണ്ടല്ല. പകരം 'പ്രവാചക ഗുണമുള്ളവർ' അർത്ഥാൽ 'പ്രവാചകന്മാർ' എന്നാണ്. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ 'ദൈവപുത്രൻ' എന്നത് ദൈവീക ഗുണമുള്ളവൻ, മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ 'സാക്ഷാൽ ദൈവമായ മശിഹ'-യെ കുറിച്ചാണ് അങ്ങനെ പറഞ്ഞിരുന്നത്. പുതിയ നിയമത്തിൽ 'മനുഷ്യപുത്രൻ' എന്നത് ക്രിസ്തുവിന്റെ സമ്പൂർണ്ണ മനുഷ്യത്വത്തെയും 'ദൈവപുത്രൻ' എന്നത് ക്രിസ്തുവിന്റെ സമ്പൂർണ്ണ ദൈവത്വത്തെയും കാണിക്കുന്നു. എബ്രായ ലേഖകൻ "ദൈവപുത്രൻ" എന്ന് ഉപയോഗിക്കുന്നത് തന്റെ സമകാലീനരായ വായനക്കാർ മനസ്സിലാക്കും വിധം ക്രിസ്തുവിന്റെ ദൈവത്വം കാണിക്കുന്നതിനായിട്ടാണ്. പുതിയ നിയമത്തിൽ പല സന്ദർഭങ്ങളിൽ ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് വിളിക്കുന്നതായി കാണാം:

**1. ക്രിസ്തുവിന്റെ അവകാശവാദം :**

മർക്കൊ.14:61 "....മഹാപുരോഹിതൻ പിന്നെയും അവനോട് : നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ എന്നു ചോദിച്ചു. ഞാൻ ആകുന്നു; മനുഷ്യപുത്രൻ സർവശക്തന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും" എന്ന് യേശു പറഞ്ഞു. തന്റെ ഈ മറുപടിയെ "ദൈവദൂഷണം' എന്നും അതിനാൽ യേശു മരണയോഗ്യൻ" എന്നും മഹാപുരോഹിതൻ ജനങ്ങളോട് പറഞ്ഞു (വാ. 63-64). യോഹ. 14:13, 5:19,26 എന്നിവിടങ്ങളിൽ ക്രിസ്തു സ്വയം 'പുത്രൻ' എന്നും ദൈവത്തെ പിതാവ് എന്നും വിളിച്ചിരിക്കുന്നു.

**2. ദൈവം ക്രിസ്തുവിനെ പുത്രൻ എന്ന് വിളിച്ചിരിക്കുന്നു**

- മത്താ. 3:17: സ്നാനസമയത്ത് "ഇവൻ എന്റെ പ്രിയപുത്രൻ".
- മത്താ 14:5: മറുരൂപമലയിൽ "ഇവൻ എന്റെ പ്രിയപുത്രൻ"
- എബ്രാ. 18: ദൈവം പുത്രനെ 'ദൈവമേ' എന്ന് വിളിക്കുന്നു.

**3. ദുരാത്മാക്കൾ ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് തിരിച്ചറിഞ്ഞു :**

- മർക്കൊ. 5:7 'യേശുവെ, മഹോന്നതനായ ദൈവത്തിൻെറ പുത്രാ'
- ലൂക്കൊ. 8:28: 'യേശുവെ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ'.

**4. അപ്പൊസ്തോലിക സാക്ഷ്യം**

- 1 യോഹ. 4:10 "അവൻ (ദൈവം) നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു".
- റോമ. 1:5 "വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ചു ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും" ചെയ്തിരിക്കുന്നു.

ക്രിസ്തു ദൈവപുത്രൻ ആണെന്നത് അവന്റെ ദൈവീക സാരാംശത്തെ കാണിക്കുന്നു. അതിനാൽ ക്രിസ്തുവിനെ ആരാധിക്കണം.

**B. ക്രിസ്തുവിനെ 'കർത്താവ്' എന്ന് തിരിച്ചറിഞ്ഞിരുന്നു.**

ക്രിസ്തുവിന്റെ 'കർത്താവ്' എന്ന പേര് പലകാര്യങ്ങൾ വെളിപ്പെടുത്തുന്നു. ഒന്നാമതായി ഈ പേരിലൂടെ ക്രിസ്തുവിനെ പഴയനിയമത്തിലെ 'യഹോവ' എന്ന് തിരിച്ചറിയുന്നു (റോമ. 10:9,13). വാ.9 -ൽ യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയണം എന്നും വാ.13 -ൽ കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുമെന്നും പഴയ നിയമത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ടാണ് പൌലൊസ് പറയുന്നത് (യോവേ. 2:21). പഴയനിയമത്തിൽ ഇത് ദൈവമായ യഹോവയെ കുറിച്ച് പറയുന്നതാണ്. ക്രിസ്തുവും പഴയനിയമത്തിലെ കർത്താവായ യഹോവയും ഒന്നാണെന്ന് പഴയ നിയമ പണ്ഡിതനായ പൌലൊസ്മനസ്സിലാക്കുന്നു.

രണ്ടാമതായി 'കർത്താവ്' എന്ന പേർ സകലതിനും മീതെയുള്ളവൻ എന്നും പരമാധികാരിയായ ദൈവമെന്നും ക്രിസ്തുവിനെക്കുറിച്ച് പഠിപ്പിക്കുന്നു. ദൈവം മാത്രമാണ് സൃഷ്ടിക്കു മീതെ പരമാധികാരി. താൻ സകലതിനും മീതെ പരമാധികാരിയാണെന്ന് ക്രിസ്തു, പറയുന്നുണ്ട് (മത്താ. 28:18-20).

അപ്പൊസ്തോലിക ഉപദേശം ഇത് വ്യക്തമായി പഠിപ്പിച്ചു (എഫെ. 1: 21-22). ക്രിസ്തു നിത്യത മുതൽ നിത്യത വരെ സർവ്വാധികാരിയാണ് (ഫിലി. 2:9-11).

അതായത്, ദൈവീക പരമാധികാരം അവകാശമുള്ളവനെന്ന് ആദിമ സഭ ക്രിസ്തുവിനെ തിരിച്ചറിഞ്ഞതുകൊണ്ടാണ് അവനെ "കർത്താവ് അഥവ, പഴയനിയമത്തിലെ യഹോവ എന്ന് വിളിച്ചത്. ക്രിസ്തുവും തൻെറ പഠിപ്പിക്കലിൽ "കർത്താവിനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്" എന്ന് പഠിപ്പിക്കുകയും അപ്പോൾ തന്നെ ആരാധന സ്വീകരിക്കുകയും ചെയ്തത് താൻ 'യഹോവയായ ദൈവം' ആകുന്നു എന്നതിനാലാണ്.

**C. ക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ച അപ്പൊസ്തോലിക ദർശനങ്ങൾ**

പല സന്ദർഭങ്ങളിലായി അപ്പോസ്തലരിൽ ചിലർക്ക് ഇത് സംബന്ധിച്ച പ്രത്യേക അനുഭവങ്ങൾ നല്കപ്പെട്ടിരുന്നു എന്ന് ആദിമ പുതിയ നിയമ രേഖകളിൽ കാണാം. ഇതിലൂടെ ക്രിസ്തു ദൈവീക സാരാംശവും അധികാരവും ഉള്ളവനാണെന്ന് അവർ മനസ്സിലാക്കി. ചില സംഭവങ്ങൾ താഴെ പറയുന്നു:

**(1) മറുരൂപമലയിലെ ദർശനം (മത്താ. 17:1-8, മർക്കൊ. 9:2-8, ലൂക്കൊ. 9:28-36**

ഈ സംഭവം ശിഷ്യന്മാർക്ക് ക്രിസ്തുവിനെക്കുറിച്ച് വിവിധ വസ്തുതകളുടെ വിശദാംശങ്ങൾ നല്കി.

1. ക്രിസ്തുവിന്റെ ദൈവീക മഹിമയുടെ ദർശനം. ഈ സംഭവത്തെ കുറിച്ച് പിന്നീട് അപ്പോസ്തലന്മാർ തങ്ങൾ 'മഹിമ കണ്ട സാക്ഷികൾ' എന്ന് പറയുന്നുണ്ട് (2 പത്രോ. 1:16; യോഹ. 1:14; 12:41; യാക്കൊ. 2:1, എബ്രാ. 1:3). ഇതിൽ യോഹ.12:41 -ൽ ശിഷ്യന്മാർ കണ്ട ക്രിസ്തുവിൻെറ തേജസ്സ് തന്നെയാണ് യെശയ്യാവ് പഴയനിയമത്തിൽ കണ്ടത് എന്ന് പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്. അതായത് പഴയനിയമത്തിലെ പ്രവാചകന്മാർക്കും പുതിയ നിയമ ശിഷ്യന്മാർക്കും ലഭിച്ചത് ഒരേ "തേജസ്സിന്റെ ദൈവത്തെ" കുറിച്ചുള്ള ദർശനമാണ്.
2. ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ദൈവീകശബ്ദം അവർ കേട്ടു (മത്താ. 17:5). സ്വർഗത്തിൽ നിന്നും ക്രിസ്തു "ദൈവപുത്രൻ" (ദൈവിക സാരാംശം വഹിക്കുന്നവൻ) എന്ന ദൈവീക വെളിപ്പാട് അവർ കേട്ടു.
3. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വ്യക്തത അവർക്ക് ഇതിലൂടെ ലഭിച്ചു. ക്രിസ്തുവിനോട്കൂടെ പ്രത്യക്ഷപ്പെട്ട രണ്ട് വ്യക്തികളുടെ സാന്നിധ്യം, പഴയനിയമ പ്രവാചകന്മാരായ മോശെയും ഏലിയാവും, ഇത് ഉറപ്പിക്കുന്നു. അവർ നൂറ്റാണ്ടുകൾക്ക് മുൻപ് യിസ്രായേൽ ചരിത്രത്തിൽ ജീവിച്ചിരുന്നവരും ഇപ്പോൾ സ്വർഗത്തിൽ ജീവിച്ചിരിക്കുന്നവരും ആണ്.
4. വരാനിരിക്കുന്നതും പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ടതുമായ ദൈവരാജ്യത്തിന്റെ നിവൃത്തീകരണം ഉറപ്പിക്കുന്നു. മോശെ ന്യായപ്രമാണങ്ങളുടെയും ഏലിയാവ് പ്രവാചകന്മാരെടെയും പ്രതിനിധികൾ കൂടിയാണ്. അങ്ങനെ ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ചുള്ള പഴയ നിയമ സാക്ഷ്യമായി അവർ ശിഷ്യന്മാർക്കു മുൻപിൽ പ്രത്യക്ഷപ്പെട്ടു. പ്രവചനത്തിലെ മശിഹ സാക്ഷാൽ ദൈവമാണ്.
5. ശിഷ്യന്മാർക്ക് ഭാവിയിൽ വരാനിരിക്കുന്ന തേജസ്സിനെക്കുറിച്ചുള്ള ഉറപ്പ് ഇതിലൂടെ ലഭിച്ചു. ഇതേക്കുറിച്ചുള്ള ഓർമ്മയിൽ നിന്നും യോഹന്നാൻ എഴുതിയത് : നാം അവനോട് സദൃശ്യരാകും എന്നാണ് (1 യോഹ. 3:2).

**(2) പൌലൊസിന്റെ ദർശനങ്ങൾ**

പൌലൊസ് യേശു എന്ന മനുഷ്യനെ യഹൂദ മതത്തിന്റെയും ന്യായപ്രമാണത്തിന്റെയും ശത്രുവായിട്ടാണ് ആദ്യം മുതൽ കണ്ടിരുന്നത്. എന്നാൽ ഇതേ യേശുവിനെ തന്നെ തന്റെ ദൈവമായ കർത്താവ് എന്ന് അംഗീകരിക്കുകയും പിന്നീട് അത് പഠിപ്പിക്കുകയും തന്റെ ലേഖനങ്ങളിലൂടനീളം ക്രിസ്തുവിലേക്ക് ആരാധന നയിക്കുകയും ചെയ്തതിന്റെ കാരണം തനിക്ക് ലഭിച്ച ദർശനങ്ങളാണ്.

ആദ്യത്തേത്, തൻെറ ദമാസ്കസിലേക്കുള്ള യാത്രയിൽ ലഭിച്ച ക്രിസ്തുവിന്റെ ദർശനമാണ് (അ.പ്ര. 9:1-7). ക്രിസ്തീയ സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന് പൌലൊസ് തിരിച്ചറിഞ്ഞത് അന്നാണ്. താനുൾപ്പെട്ട സൻഹെദ്രിൻ സഭ കുറ്റം ചാർത്തി ക്രൂശിച്ച യേശു തനിക്ക് "കർത്താവ്" എന്ന തിരിച്ചറിവ് നൽകിയത് ഇവിടെ വച്ചാണ്. അവൻ "വെളിച്ചം" കണ്ടപ്പോൾ "നീ ആരാകുന്നു കർത്താവെ" എന്ന് ചോദിച്ചത് പഴയനിയമ പ്രവാചകന്മാരുടെ അനുഭവങ്ങളെക്കുറിച്ചുള്ള പരിചയം മൂലമാണ്. പ്രവാചകന്മാരിൽ പലരും തേജസ്സിന്റെ തെളിച്ചം കണ്ടവരാണ്. ഈ വെളിച്ചത്തിന്റെ ഉടമ ക്രിസ്തു ആണെന്ന ബോധ്യം ഉണ്ടായ പൌലൊസിനെ പിന്നീട് കാണുന്നത് യേശുവിന്റെ അപ്പൊസ്തലനായിട്ടാണ്. വാ.17ൽ യേശുവിനെ കർത്താവ് എന്ന സഭയുടെ തിരിച്ചറിവ് അനന്യാസ് പൌലൊസിന് പകർന്നു കൊടുത്തു. ശേഷം വാ.9-22ൽ അവൻ സ്വജനമായ യഹൂദന്മാർക്ക് അവരുടെ പള്ളിയിൽ പോയി യേശു 'ദൈവപുത്രൻ' (ദൈവം) എന്നും ക്രിസ്തു (മശിഹ) എന്നും തെളിയിച്ച് പ്രസംഗിച്ചു.

രണ്ടാമത്തേത്, അ.പ്ര. 22:17-21 -ൽ പറയുന്ന യെരുശലേം ദേവാലയത്തിൽ വച്ച് പ്രാർത്ഥിക്കുമ്പോഴുണ്ടായ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ദർശനമാണ്. ഈ ദർശനം മുതലാണ് പൌലൊസ് ജാതികളുടെ അപ്പോസ്തലനായി ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടത്.

മൂന്നാമത്തേത്, 2 കൊരി. 12:10 -ൽ തനിക്കുണ്ടായ സ്വർഗ്ഗീയ ദർശനത്തെക്കുറിച്ച് പറയുന്നു.(താൻ അന്ത്യോഖ്യയിൽ എത്തുന്നതിനു മുൻപ് കിലിക്യയിൽ വച്ചാകാം ഇത് ലഭിച്ചതു. യഹൂദ ദൈവശാസ്ത്രപ്രകാരം മൂന്നാം സ്വർഗ്ഗം എന്നത് ദൈവം അധിവസിക്കുന്ന യഥാർത്ഥ സ്വർഗമാണ്. ഈ അനുഭവത്തിൽ തനിക്ക് നിരവധി വെളിപ്പാടുകൾ ലഭിച്ചതായി പറയുന്നു. ഇതിന്റെ പര്യവസാനം ക്രിസ്തുവിന്റെ വെളിപ്പെടുത്തലുകൾക്ക് വേണ്ടി ജീവപര്യന്തം കഷ്ടതയനുഭവിക്കാൻ തനിക്ക് ശക്തി ലഭിച്ചു എന്നതാണ്.

**സംഗ്രഹം :**

ഈ ദർശനങ്ങളിലെല്ലാം താൻ ക്രിസ്തുവിനെ കർത്താവായി കാണുകയും അവൻെറ ശബ്ദം കേൾക്കുകയും ചെയ്യു. ഈ തിരിച്ചറിവാണ് തന്റെ ദൈവശാസ്ത്രത്തെ നയിക്കുന്നതും ക്രിസ്തുവിനെ കർത്താവ് എന്ന് ആരാധിക്കുന്നതിനും, ക്രിസ്തുവിനെ കർത്താവ് എന്ന് ഏറ്റു പറഞ്ഞ് രക്ഷ പ്രാപിക്കുന്നതിനും മറ്റുള്ളവരെ പഠിപ്പിക്കുന്നതിനും കാരണമായത്.

**(3) യോഹന്നാന്റെ ദർശനങ്ങൾ**

ഇതുവരെ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായതും കൂടുതൽ വിശദാംശങ്ങൾ നല്കപ്പെടുന്നതുമായ ദർശനങ്ങളാണ് വെളിപാട് പുസ്തകത്തിൽ നൽകിയിരിക്കുന്നത്. അദ്ധ്യാ. 1:12-6 -ൽ ക്രിസ്തുവിനെ മനുഷ്യപുത്രന് സദൃശ്യനായി കാണുന്നു. ദാനി. 7:3-14 ൽ ആണ് ആദ്യമായി മശിഹയുടെ മനുഷ്യത്വത്തെക്കുറിച്ച് പറയുന്നതിന് ഈ പേർ ഉപയോഗിച്ചിരിക്കുന്നത്. പിന്നീടുള്ള യഹൂദ ചരിത്രത്തിൽ ഈ പേർ അവരുടെ വീണ്ടെടുപ്പു കാരനായ ദൈവവും നിത്യരാജാവുമായ മശിഹയെ കാണിക്കുന്നതായി അവർ പഠിപ്പിച്ചു. അതുകൊണ്ടാണ് ക്രിസ്തു സുവിശേഷങ്ങളിൽ തന്നെ കുറിച്ച് "മനുഷ്യപുത്രൻ" എന്ന് പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾ യോഹന്നാൻ കണ്ടത് ഉയിർപ്പിനു ശേഷം സാർവ്വത്രിക അധികാരം പ്രാപിച്ചവനായി ഭൂമിയെയും പ്രപഞ്ചത്തെയും വാഴുന്ന പരമാധികാരിയായ ക്രിസ്തുവിനെയാണ്. താൻ സകലതിനെയും ന്യായം വിധിക്കുന്നവനായിട്ടാണ് ഇവിടെ പറയുന്ന ഓരോ ദർശനങ്ങളും കാണിക്കുന്നത്.

അഞ്ചാം അദ്ധ്യായത്തിൽ ക്രിസ്തുവിനെ 'അറുക്കപ്പെട്ട കുഞ്ഞാടായി' നില്ക്കുന്നവനായും പുസ്തകം വാങ്ങി മുദ്രപൊട്ടിപ്പാൻ യോഗ്യനായും കാണുന്നു. ഈ അദ്ധ്യായം അവസാനിക്കുന്നത് ക്രിസ്മുവിന് സ്വർഗീയഗണങ്ങൾ നല്കുന്ന ആരാധനയോടെയാണ്. പിന്നീടുള്ള അദ്ധ്യായങ്ങൾ ക്രിസ്തു എന്ന ന്യായാധിപൻ ഭൂമിയിൽ ന്യായം വിധിക്കുന്നതിനെക്കുറിച്ചുള്ള വിവരണങ്ങളാണ്.

ക്രിസ്തുവിനെക്കുറിച്ചുള്ള അടുത്ത പ്രധാന ദർശനം വെളി. 19:1-16 -ൽ ആണുള്ളത്. അവൻ ലോകത്തെ ജയിക്കാനും ഭൂമിയെ ഭരിക്കാനും തന്റെ കാന്തയായ സഭയോടു കൂടി വരുന്ന ദർശനമാണത്. വാ.1 -ൽ സ്വർഗ്ഗനിവാസികൾ രക്ഷയും മഹത്വവും ശക്തിയുമുള്ള ദൈവത്തെ ആരാധിക്കുന്ന ശബ്ദമാണ് യോഹന്നാൻ കേട്ടത്. അതിന്റെ തുടർച്ചയെന്നോണം ആരാധന രാജ്യത്വം ഏറ്റെടുത്ത 'ദൈവമായ കർത്താവിലേക്ക്' അഥവാ ക്രിസ്തുവിലേക്ക് നയിക്കപ്പെടുന്നു (വാ. 7). വാ. 1:6 -ൽ ക്രിസ്തുവിന്റെ പേർ പറയുന്നു: "രാജാധി രാജാവും കർത്താധി കർത്താവും" എന്നാണത്.

ഈ ഭയങ്കരങ്ങളായ ദർശനങ്ങൾ അവസാനിക്കുമ്പോൾ ക്രിസ്തു തന്നെ കുറിച്ച് പറയുന്നത് 'യേശു എന്ന ഞാൻ' എന്നാണ് (വെളി. 22:6). ആരാണ് യേശു എന്ന് ഇതിനോടകം യോഹന്നാൻ വെളിപ്പെടുത്തി കിട്ടിയിരുന്നു.

ചുരുക്കത്തിൽ അപ്പൊസ്തലന്മാരുടെ ദർശനങ്ങൾ ക്രിസ്തുവിനെകുറിച്ച് സഭയ്ക്ക് വെളിപ്പെടുത്തിയത് അവൻ സാക്ഷാൽ ദൈവമാണെന്നും ആരാധിക്കപ്പെടണമെന്നും ആണ്. ദൈവത്തിനു മാത്രം അവകാശപ്പെട്ട ആരാധന സ്വർഗത്തിൽ ക്രിസ്തു സ്വീകരിക്കുന്നതായി കണ്ടത് സഭയുടെ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും ആരാധനയുടെയും ഭാഗമായിത്തീർന്നു.

1-ാം പേജ് തുടർച്ച

# ഒരു പൊത്തുവരുത്ത ക്രിസ്ത്യാനിയായി ജീവിക്കാനാണോ ദൈവം നമ്മെ വിളിച്ചത്?

ഞാൻ നിന്റെ പ്രവർത്തി അറിയുന്നു. ജീവനുള്ളവൻ എന്ന് നിനക്കുപേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നു കൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവർത്തി ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല" (വെളി. 3:2). ഒരു ഏകദേശ ക്രിസ്ത്യാനിയായിട്ടല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യുത, വിശ്വസിക്കുന്ന ശിഷ്യനായി, കഷ്ടം അനുഭവിക്കുവാൻ മനസുള്ളവനായി ദൈവത്തെ മഹത്വപ്പെടുത്താനാണ് "എന്റെ നിമിത്തം നിങ്ങളെ പഴിക്കയും, ഉപദ്രവിക്കയും, നിങ്ങളെകൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ" (മത്താ. 11-22).

### കബളിപ്പിക്കുന്ന ക്രിസ്ത്യാനി

"ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമോ. 3:5). കർത്തൃദാസൻ വില്യം മാക്ഡൊണാൾഡിന്റെ വാക്കുകളെ ശ്രദ്ധിക്കുക പുറമേ ഇവർ മതഭക്തരാണ്. ക്രിസ്തീയവിശ്വാസികൾ എന്നവർ അഭിമാനിക്കും. എന്നാൽ അവരുടെ പ്രവർത്തികൾ, വാക്കുകളിൽ നിന്നും തീർത്തും വ്യത്യസ്ഥമാണെന്ന് അവരുടെ ഭക്തികെട്ട സ്വഭാവം തന്നെ ഭോഷ്കിന്റെ ജീവഭാവമെന്ന് വെളിപ്പെടുത്തുന്നു. അവരുടെ ജീവിതത്തിൽ ദൈവശക്തിയുടെ ഏതെങ്കിലും ലക്ഷണങ്ങൾ കാണുന്നില്ല. നവീകരണമായി അവരിൽ ചിലത് ഉണ്ടായിരിക്കും. എന്നാൽ അവർ വീണ്ടുംജനനം പ്രാപിച്ചിരുന്നില്ല. "ഭക്തിപ്രസ്ഥാനം നിലനിർത്തുവാൻ അവർ ഉത്സാഹിക്കുമെങ്കിലും ദൈവശക്തിയെ അവർ ത്യജിക്കുന്നു" (weymouth). ഇന്ന് വിവാഹകമ്പോളത്തിൽ അനേക "കബളിപ്പിക്കുന്ന ക്രിസ്ത്യാനികളെ കാണാൻ കഴിയും. വിവാഹാലോചനവരുമ്പോൾ, അവരുടെ മകനെപ്പറ്റി വളരെ കൂടിയ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണെന്നും, വലിയ ഉദ്യോഗമാണെന്നും ഒക്കെ വധുവിന്റെ കൂട്ടരെ പറഞ്ഞു വിശ്വസിപ്പിച്ച്, വലിയ സാമ്പത്തികനേട്ടം കൈക്കലാക്കും. വിവാഹശേഷം മാത്രമാണ് നിജസ്ഥിതി അറിയുന്നത്. ജോലിയുമില്ല പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുമില്ല, എല്ലാം ഉള്ളി പൊളിച്ച തുപോലെ; ഫലമോ? കുടുംബങ്ങൾ നിരാശയിൽ? വേർപിരിയലിന്റെ വക്കിൽ. "ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും" എന്ന പൗലോസിന്റെ വാക്കുകൾക്ക് വ്യക്തമായ തെളിവുകൾ.

പ്രാണികളുടെ ലോകത്ത് ചില പ്രാണികൾ തങ്ങളുടെ ആഹാരമാക്കുന്ന ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുവാൻ ശത്രുക്കളെ കബളിപ്പിക്കുന്ന രീതിയുണ്ട്. വടിപോലെ കാണപ്പെടുന്ന പ്രാണികൾ വൃക്ഷത്തിന്റെ ചില്ലയായി തോന്നപ്പെടുകയും, ഇലപോലിരിക്കുന്നവ ചെടിയുടെ ഇലകൾ എന്ന് തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. സമുദ്രലോകത്ത് പല ഞണ്ടുകളും, പവിഴപ്പുറ്റുകൾക്ക് സാമ്യമുള്ളതാകയാൽ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുന്നു. അനേകതരം മത്സ്യങ്ങളും ഇത്തരത്തിലുണ്ട്. മരങ്ങളിൽ വസിക്കുന്ന ഓന്തിനെ നമുക്കറിയാം. അതിരിക്കുന്ന പശ്ചാത്തലമനുസരിച്ചു അതിന്റെ നിറം മാറുന്നു. ഇതുപോലെ രക്ഷിതാവും, കർത്താവുമായ ദൈവത്തിന് സൽപ്പേര് നൽകാതെ ഓന്തിനെപ്പോലെ കബളിപ്പിച്ച് ഭവനത്തിൽ അനുരഞ്ജന മനോഭാവത്തോടെ ജീവിക്കുന്ന ക്രിസ്ത്യാനികളുണ്ട് "സുവിശേഷകന്മാർ" എന്നപേർ എടുത്തിരിക്കുന്നവരും ഉണ്ട്. യേശുക്രിസ്തു പറഞ്ഞു "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റിനടക്കുന്നു. ചേർത്തശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു" (മത്താ. 23:14,15).

പ്രിയരേ, നമ്മെ ഓരോരുത്തരേയും വിളിച്ചു വേർതിരിച്ച് കർത്താവിന്റെ കാര്യങ്ങൾ വായിച്ചറിയുന്നതിനുള്ള പത്രങ്ങളായി ഈ ലോകത്തിൽ ആക്കിയിരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിലാക്കി, നല്ല സാക്ഷ്യമുള്ള ജീവിതം നയിക്കാൻ ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ. നമ്മുടെ ഓർമ്മയിൽ എപ്പോഴും സൂക്ഷിക്കേണ്ടുന്ന രണ്ടുവാക്യങ്ങൾ കൂടി എഴുതി ഈ ലേഖനം ഞാൻ അവസാനിപ്പിക്കട്ടെ. "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും, അനീതിക്കും നേരേ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു" (റോമ. 1:18). അനീതിയുള്ള ജീവിതം കൊണ്ടും, അന്യായമായ വിധത്തിൽ സത്യത്തെ അമർച്ച ചെയ്യുന്നതിനാലും, മനുഷ്യരുടെ ദുഷ്ടതക്കെതിരെ ദൈവത്തിന്റെ ക്രോധം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു എന്ന കാര്യം ഇവിടെ സുവ്യക്തമാണ്. ഈ കാര്യങ്ങൾ എല്ലാം മനസ്സിലാക്കിയിട്ടും ഇനിയും അനീതിയിൽ തുടരാനാണ് തീരുമാനമെങ്കിൽ അതിനും തിരുവചനം നമുക്ക് അനുവാദം തരുന്നുണ്ട്, but conditions apply "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ ഞാൻ വേഗം വരുന്നു. ഒരോരുത്തന് അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്. ●

# മഹത്വത്തിൽ




**പൂമല, തൃശൂർ** : നിത്യതയിലായിരിക്കുന്ന സഹോ. ഐപ്പിന്റെ സഹധർമ്മിണി **അമ്മിണി ഐപ്പ്** (85) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം 2024 ഡിസംബർ 30 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പൂമല ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പാമല, പായിപ്പാട്** : നിത്യതയിലായിരിക്കുന്ന സഹോ. ജോർജിന്റെ സഹധർമ്മിണി **എലിസബേത് ചാക്കോ (79)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം 2024 ഡിസംബർ 30 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പാമല ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**പരിയാരം, ഇലന്തൂർ** : സഹോ. **ബേബി എം. മത്തായി (89)** ജനുവരി 2 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 4 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പരിയാരം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുന്നക്കുന്ന്, പരപ്പ, കാസർഗോഡ്** : സഹോ. **ജോണി (68)** ജനുവരി 2ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 3 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം മാങ്ങോട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുരണി, മല്ലപ്പള്ളി** : നിത്യതയിലായിരിക്കുന്ന സഹോ. ജോർജിന്റെ സഹധർമ്മിണി **മറിയാമ്മ ജോർജ് (95)** ജനുവരി 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 7 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്കുശേഷം മുരണി ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**കുഴികണ്ടംവയൽ, കൊല്ലം** : സഹോ. ജോർജുകുട്ടി ഡി. യുടെ സഹധർമ്മിണി **വത്സല ജോർജ്** (64) ജനുവരി 2 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 3 ന് കുഴികണ്ടംവയൽ എബനേസർ ബ്രദറൺ അസംബ്ലി ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാലം, കോട്ടയം** : സഹോ. റ്റി.എം. ഏലിയാസിന്റെ സഹധർമ്മിണി **സാറാമ്മ ഏലിയാസ്** (85) ജനുവരി 2 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 8 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം മാലം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കർത്താവിൽ പ്രസിദ്ധനായിരുന്ന സുവി. വി.റ്റി. മത്തായി കോട്ടയത്തിന്റെ സഹോദരിയും സുവി. വിജി റൊബർട്ടിന്റെ മാതാവുമാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വാളകം, മൂവാറ്റുപുഴ** : സഹോദരി **അന്നമ്മ വർഗീസ്** (85) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 9 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം വാളകം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തുറവൂർ, ഓടനാവട്ടം** : നിത്യതയിലായിരിക്കുന്ന സഹോ. ജോൺസന്റെ സഹധർമ്മിണി **ലിസി ജോൺസൻ** (55) ജനുവരി 7 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 9 ന് തുറവൂർ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുണ്ടുകോട്ടക്കൽ, പത്തനംതിട്ട**: നിത്യതയിലായിരിക്കുന്ന സഹോ. സെൻ മോന്റെ സഹധർമ്മിണി **അന്നമ്മ സെൻമോൻ** (49) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 11 ന് ഭവനത്തിൽ നടന്ന ചാന്തുകാവ് ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അഞ്ചേരിച്ചിറ, തൃശൂർ** : നിത്യതയിലായിരിക്കുന്ന സഹോ. സി.പി. ജോർജിന്റെ സഹധർമ്മിണി **മറിയാമ്മ ജോർജ്** (77) ജനുവരി 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരംജനുവരി 10 ന് ഭവനത്തിൽ നടന്ന ചേലക്കോട്ടുകര ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം പാവറട്ടി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ശാന്തിപുരം, ബാലരാമപുരം** : ശാന്തിപുരം ബ്രദറൺ സഭാംഗം സഹോദരി **ശ്യാമള (65)** ജനുവരി 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 10 ന് ഭവനത്തിൽ നടന്ന ശാന്തിപുരം ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ബാംഗ്ലൂർ** : സുവി. **ജേക്കബ് തോമസ് (86)** ജനുവരി 10 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 15 ന് കമനഹള്ളി ബെഥേൽ ബ്രദറൺ അസ്സംബ്ലി ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ഹൊസൂർ റോഡ് ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ആരക്കുഴ, മൂവാറ്റുപുഴ** : സുവി. എം. എ. രാജൻ ആരക്കുഴയുടെ മാതാവ് **പൊന്നമ്മ എം.കെ. (84)** ജനുവരി 13 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 14 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം കടാതി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പഴഞ്ഞി , തൃശൂർ** : നിത്യതയിലായിരിക്കുന്ന സുവി. പി.സി. കൊച്ചുണ്ണിയുടെ സഹധർമ്മിണി **സി.സി. മോളു** (71) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 14 ന് പഴഞ്ഞി എബനേസർ ബ്രദറൺ ചർച്ച് ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

# ഒഡീഷ സംസ്ഥാന സുവിശേഷ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക

കർത്താവിൽ പ്രിയരേ,

1980-ൽ വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റ് രണ്ട് മാസക്കാലം ഒഡീഷയിൽ സുവിശേഷ പ്രവർത്തനം നടത്തി. ആ കാലഘട്ടത്തിൽ 13 ജില്ലകളുള്ള ഒഡീഷയിൽ നാല് സുവിശേഷകന്മാർ ഉണ്ടായിരുന്നു. വീണ്ടും 1982-83 കാലഘട്ടത്തിൽ ഏഴ് മാസത്തെ പ്രവർത്തനവുമായി വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റിന്റെ മറ്റൊരു ടീം ഒഡീഷയിൽ എത്തിച്ചേർന്നു. ആ ഏഴ് മാസത്തെ പ്രവർത്തനം അവസാനിച്ചപ്പോഴെക്കും 30 സ്ഥലം സഭകളും 26 പൂർണ്ണസമയ സുവിശേഷ പ്രവർത്തകരേയും കർത്താവ് ഒഡീഷയിൽ എഴുന്നേൽപ്പിച്ചു. അതിൽ 14 പേർ തദ്ദേശിയരും 3 പേർ ആ നാളുകളിൽ ടീമിനോട് ചേർന്ന് പ്രവർത്തിച്ചവരുമായിരുന്നു. ആ 7 മാസത്തെ പ്രവർത്തനംകൊണ്ട് ഒഡീഷയിൽ ഉണ്ടായിരുന്ന 13 ജില്ലകളിലും ഒരളവോളം സുവിശേഷം എത്തിക്കുവാൻ കർത്താവ് കൃപ നൽകി.

ഇന്ന് ഒഡീഷയിൽ 30 ജില്ലകളും 100-ൽ പരം സ്ഥലം സഭകളും പ്രവർത്തകരും ഉണ്ട്. 262 ബ്ലോക്കുകളിൽ ഇനിയും സുവിശേഷം എത്തിയിട്ടില്ല. ഈ 30 ജില്ലകളിലും സുവിശേഷം എത്തിക്കണമെന്ന ആഗ്രഹത്തോടെ ഒഡീഷയിലെ ദൈവജനവും വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റും ചേർന്ന് 2024 ജൂലൈ മാസത്തിൽ ആരംഭിച്ചതായ സുവിശേഷ പ്രവർത്തനം 6 ജില്ലകളിൽ ഒരളവോളം സുവിശേഷം എത്തിക്കുവാൻ കർത്താവ് കൃപ നൽകി. 7-ാമത്തെ ജില്ലയായ റായ്ഗട്ട് ജില്ലയിൽ പ്രവർത്തനം തുടരുന്നു. ഇതുവരെയും പ്രവർത്തിച്ചതിന്റെ ഫലമായി 1000-ത്തിലധികം ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ കർത്താവ് സഹായിച്ചു. ചില ഗ്രാമങ്ങളിൽ എതിർപ്പുകൾ അനുഭവപ്പെട്ടെങ്കിലും ദൈവമക്കളുടെ പ്രാർത്ഥനയാൽ അനുഗ്രഹകരമായ നിലയിൽ പ്രവർത്തനം തുടരുവാൻ കർത്താവ് ഇടയാക്കി. ഈ നാളുകളിലെ പ്രവർത്തനഫലമായി ആയിരക്കണക്കിന് ഭവനങ്ങളിൽ സുവിശേഷപ്രതികളും പുതിയ നിയമവും നൽകുവാൻ കർത്താവ് സഹായിച്ചു. ഒഡീഷയേയും ഇവിടുത്തെ പ്രവർത്തനത്തേയും ഓർത്ത് തുടർന്നും പ്രാർത്ഥിക്കുക.

ഒഡീഷ പ്രവർത്തനത്തിന് കേരളത്തിൽനിന്നും ടീമിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാനും, വാഹനം ഓടിക്കുവാനും, ഭക്ഷണ ക്രമീകരണങ്ങൾ ചെയ്യുവാനും തൽപ്പരരും അർപ്പണ ബോധവുമുള്ള സഹോദരന്മാരെയാണ് ആവശ്യം. ടീമിനോട് ചേർന്ന് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ ക്യാമ്പയിൻ **കോഓർഡിനേറ്റർ സഹോദരൻ എ.ഡി. ജെയിംസുമായി ബന്ധപ്പെടുക. – 9446814115 / 0484 – 2457648.** കേരളത്തിൽ തൃശ്ശൂർ, വാളകം എന്നീ യൂണിറ്റുകളുടെ ചുമതലയിൽ മിനിക്യാമ്പുകൾ, പരസ്യയോഗങ്ങൾ, ഏകദിന സുവിശേഷ പ്രവർത്തനങ്ങൾ, ഏകദിന സമ്മേളനങ്ങൾ, പ്രാർത്ഥനാ കൂടിവരവുകൾ എന്നീ നിലിയിൽ പ്രവർത്തനങ്ങൾ നിരന്തരം നടന്നുവരുന്നു. ഒഡീഷ പ്രവർത്തനത്തിനും കേരളത്തിലെ പ്രവർത്തനങ്ങൾക്കുമായി ഒരു മാസം 2 ലക്ഷത്തിലധികം രൂപ ചെലവാകുന്നുണ്ട്. ഇതുവരെയും ഈ പ്രവർത്തനങ്ങൾ നടന്നത് ദൈവമക്കളുടെ പ്രാർത്ഥനയാലും ഔദാര്യദാനത്താലുമാണ്. ഇപ്പോഴത്തെ നിലയിൽ പ്രവർത്തിച്ചാൽ രണ്ട് മാസത്തെ പ്രവർത്തനത്തിനുള്ള സാമ്പത്തികം മാത്രമേ വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റിന്റെ കൈവശമുള്ളു. എത്രനാൾ ഈ നിലിയിൽ പ്രവർത്തിക്കുവാൻ സാധിക്കും എന്ന് അറിയുന്നില്ല. ആകയാൽ പകലുള്ളിടത്തോളം പ്രവർത്തിക്കുവാൻ ദൈവജനം കൈയഴിഞ്ഞ് സഹകരിക്കുക. തുടർന്നും ഏവരുടേയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. വൈ.എം.ഇ.എഫിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ സംഭാവനകൾ വൈ.എം.ഇ.എഫ്. ന്റെ അങ്കമാലിയുള്ള യൂണിയൻ ബാങ്ക് അക്കൗണ്ട് വഴിയോ QR Code സ്കാൻ ചെയ്ത് ഓൺലൈൻ ആയിട്ടോ നൽകാവുന്നതാണ്. ചെക്കുകളും ഡ്രാഫ്റ്റുകളും വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റിന്റെ പേരിലെടുത്ത് ട്രഷററുടെ വിലാസത്തിൽ അയക്കുക. ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നവർ ആ വിവരം ട്രഷററെ അറിയിക്കേണ്ടതാണ്.

TREASURER :
C. J. PHILIP
Chackkalakkal House, Manjummal P.O.
Kalamassery - 683 501,
Ph : 0484 - 2542139, Mob : 9895396873
E-mail:cjphilip1@rediffmail.com

A/c Name : **YMEF (ND) Trust**
Name of Bank : UBI, Angamaly
A/c No. **338102010012324**
IFSC : **UBIN0533815**

വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റിനുവേണ്ടി,

കോ-ഓഡിനേറ്റർ
**എ.ഡി. ജെയിംസ്**

# കൂവപ്പള്ളിയിലെ സഭയെയും ശുശ്രൂഷകളെയും പ്രാർത്ഥനയിൽ ഓർക്കുക

കൂവപ്പള്ളി : സുവി. കെ.സി. സാബുവിന്റെ നിര്യാണത്തെ തുടർന്ന് സ്ഥലത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രാർത്ഥനാപൂർവ്വം ചില തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സഹപ്രവർത്തകരായ സഹോദരന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. അതിൻപ്രകാരം വാടകക്കെടുത്ത കെട്ടിടത്തിൽ ആരാധനയും വ്യാഴാഴ്ചതോറും സുവി. സി.റ്റി. ജോണിക്കുട്ടിയുടെ ബൈബിൾ ക്ലാസും മുടങ്ങാതെ നടക്കുന്നു. വ്യാഴം രാവിലെ നടക്കുന്ന ഭവനസന്ദർശനത്തിൽ പല സുവിശേഷകന്മാരും സഹകരിക്കുന്നു.

അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ പഠനത്തിനെത്തുന്ന ബ്രദറൺകാരായ നമ്മുടെ സഹോദരങ്ങൾക്ക് ആരാധനാ സാകര്യങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. 22 വർഷങ്ങൾക്കു പിറകിൽ ആരംഭിച്ച ഈ ആത്മീയശുശ്രൂഷ സഹോ കെ.സി. സാബുവിന്റെ അസാന്നിദ്ധ്യത്തിലും ദൈവകൃപയാൽ മുന്നോട്ടുപോകുന്നു. സ്ഥലത്തെ സഭയേയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും.

കൂവപ്പള്ളി സഭയ്ക്കുവേണ്ടി
ബ്രദർ സാജു കൂവപ്പള്ളി, 94471283359
സുവി. റ്റി.വി. മാത്യു, 9495543712
സുവി. കെ. എം. ബേബി, 9495026263

വിലാസം :
Christian Brethren Church
Kuttrappalliyil Building
Koovappally P.O., 686518

**സുവിശേഷധ്വനിയുടെ കുടിശ്ശിക വരിസംഖ്യ അടയ്ക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമേ.**
**ചീഫ് എഡിറ്റർ**

ചിന്താ ശകലം MCR

# വെളുക്കാൻ തേച്ചത് പാണ്ടായി

മുശിര്, നീറ്, ചെമന്നു ഉറുമ്പ് എന്നീ പേരുകളിൽ അറിയപ്പെടുന്ന നീളൻ ഉറുമ്പ് ചിന്തയിലാണ്ട് ഇരിപ്പായി. പാമ്പിനെ മുതൽ പഴുതാരയെ വരെ കണ്ട് മനുഷ്യർ ഓടുന്നു. മൃഗങ്ങളെ കണ്ടാലും അങ്ങനെ തന്നെ. കാരണം പാമ്പും മൃഗങ്ങളും കടിക്കുകയോ ഇടിക്കുകയോ ചെയ്താൽ മനുഷ്യൻ ചത്തുപോകും. അതാണ് മനുഷ്യൻ ഓടിമറയാൻ കാരണം. എനിയ്ക്കും അത് സാധിക്കണം. തപസ്സ് ചെയ്ത് വരം നേടാൻ ഉറുമ്പ് തീരുമാനിച്ചു. ഉഗ്രതപസ്സ് അനുഷ്ഠിച്ച് ദൈവത്തെ പ്രത്യക്ഷപ്പെടുത്തി വരം ആവശ്യപ്പെട്ടു. ഞാൻ കടിച്ചാൽ ചാകണം ഉറുമ്പ് പറഞ്ഞു. ദൈവം അത് അംഗീകരിച്ച് വരവും നൽകി. നിനക്കു മാത്രമല്ല നിന്റെ സമൂഹത്തിനും സന്തതി പരമ്പരകൾക്കും ഈ വരം സ്വന്തമായിരിക്കട്ടെ. ഉറുമ്പ് തന്റെ സമൂഹത്തെയെല്ലാം വിവരം അറിയിച്ചു. ഒന്ന് പരീക്ഷിക്കണമല്ലോ. ഒരു ഉറുമ്പ് ആദ്യം കണ്ട ആളുടെ മേൽ കയറി അദ്ദേഹത്തെ ശക്തിയായി കടിച്ചു. അല്പസമയത്തിനുശേഷം ഉറുമ്പ് ചത്ത് താഴെ വീണു. ആഗ്രഹിച്ചതിന് വിപരീതമായ ഫലം കണ്ടപ്പോഴാണ് തപസ്സ് ചെയ്ത ഉറുമ്പിന് അബദ്ധം മനസ്സിലായത്. കടികൊള്ളുന്ന ആൾ ചാകണം എന്നതിന് പകരം കടിച്ചാൽ ചാകണം എന്നാണ് വരമായി ചോദിച്ചത്. അന്ന് മുതലാണ് പോലും ചെമപ്പ് ഉറുമ്പുകൾ കടിച്ച് ചത്തുകൊണ്ടിരിക്കുന്നത്.

മേൽപറഞ്ഞതുപോലെ പ്രവൃത്തി 12:20 –ൽ പറയുന്ന ഹെരോദാരാജാവിന്റെ ജീവിതം കട്ടപ്പൊകയായി. രാജാവിന്റെ ദേശത്തുനിന്നുള്ള കയറ്റുമതിയാണ് സോര്യരുടേയും സീദ്യോന്യരുടേയും ആഹാരകാര്യങ്ങൾക്കുള്ള മാർഗ്ഗം. ചില കാരണങ്ങളാൽ രാജാവിന് ഈ ദേശക്കാരോട് അനിഷ്ടം ഉണ്ടായി. അതിന് മാറ്റം വരുത്തി പഴയ സ്നേഹബന്ധം ഉണ്ടാക്കുന്നതിനായി പള്ളിയറക്കാരനായ ബ്ലസ്തോസിനെ വശത്താക്കി. അവർ കൂട്ടായി നിശ്ചയിച്ച ദിവസം രാജാവ് ഭദ്രാസനത്തിൽ ഇരുന്ന് ഗംഭീരപ്രസംഗം നടത്തി. കേട്ടുനിന്ന ജനം രാജാവിനെ പ്രശംസിച്ച് ദൈവത്തോട് സമനാക്കി. ഈ കേൾക്കുന്നത് മനുഷ്യന്റെ ശബ്ദമല്ല ദൈവത്തിന്റെ ശബ്ദമാണ് എന്ന് ജനം ആർത്തു. അതുകേട്ട് രാജാവ് പൊങ്ങി മുഖമൊക്കെ ഉയർത്തി. ആ സമയം ദൈവത്തിന് മഹത്വം കൊടുക്കാത്ത രാജാവിനെ ദൈവദൂതൻ അടിച്ചു. കൃമികീടങ്ങൾക്ക് ഇരയായിട്ട് അവൻ പ്രാണനെ വിട്ടു. ഇത് എ.ഡി. 44 –ൽ സംഭവിച്ചു എന്ന് വായിച്ചിട്ടുണ്ട്. ഇങ്ങനെയൊരു സംഭവം സെഖര്യ പ്രവചനം 14:12 ലും വായിക്കുന്നു. യുദ്ധത്തിനിടയിൽ രാസായുധങ്ങളും അണുബോംബുകളും ഈ വിധത്തിലുള്ള നാശം വരുത്തുന്നതായി മനസ്സിലാക്കാം. എന്നാൽ ദൈവത്തിന് അല്ലാതെയും ഇപ്രകാരം പ്രവർത്തിക്കുവാൻ കഴിയും എന്ന് ഹെരോദാവിന്റെ ജീവിതാവസാനം നമ്മെ പഠിപ്പിക്കുന്നു.

വിഷയങ്ങൾ പഠിയ്ക്കുന്നത് ശാസ്ത്രപുരോഗതിയുടെ അടിസ്ഥാനത്തിൽ ആകാതെ ദൈവവചനത്തെ ആധാരമാക്കി കാര്യങ്ങൾ മനസ്സിലാക്കുവാൻ കർത്താവ് സഹായിക്കട്ടെ. ●

Fortnightly
Vol. 42 Issue 34
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editor:
**A.D. James**
Tel. +91 9446814115
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2025-27
Licence No: KL/TV(S)/WPP/251/2025-27
Licensed to Post without prepayment
Date of Publishing: 18-01-2025
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum